# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4630 25.06.2019-ൽ മറുപടിയ്ക്ക്

## മത്സ്യബന്ധന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച പദ്ധതികൾ

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) പിറവം നിയോജക മണ്ഡലത്തിൽ 2018-19 സാമ്പത്തികവർഷത്തിൽ മത്സ്യ ബന്ധന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; | എ) അനുവദിച്ചിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണെന്നും പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ ? | ബി) എറണാകുളം ജില്ലയിലെ പിറവം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി മത്സ്യവകുപ്പിന്റെ നേതൃത്വത്തിൽ ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിനായുള്ള ജനകീയ മത്സ്യകൃഷി 2018-19 -ൽ നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ ഘടക പദ്ധതികളായ ശാസ്ത്രീയ കാർപ്പ് കൃഷിക്കായി 32 ഗുണഭോക്താക്കളും, കുളങ്ങളിലെ ഗിഫ്റ്റ് കൃഷിക്കായി ഒരു ഗുണഭോക്താവും, എയർ ബ്രീത്തിങ് ഫിഷ് കൾച്ചർ -ന് 2 ഗുണഭോക്താക്കളും നൂതന മത്സ്യകൃഷി പദ്ധതിയായ Re-circulatory Aquaculture System (RAS) യൂണിറ്റിന് -8 ഗുണഭോക്താക്കളും ഉണ്ടായിരുന്നു. പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ 3 വർഷത്തെ ദൈർഘ്യം ഉള്ളവയാണ്. ഇവയുടെ എല്ലാം തന്നെ ആദ്യ വർഷത്തെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ